**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5672** **24-03-2025 - ൽ മറുപടിയ്ക്ക്**

**സപ്ലൈകോ മെഡിക്കൽ സ്റ്റോറുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഡി കെ മുരളി | | ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് എത്ര സപ്ലൈകോ മെഡിക്കൽ സ്റ്റോറുകൾ പ്രവർത്തിക്കുന്നുണ്ടെന്നും ലാഭകരമല്ലാത്തതിന്റെ പേരിൽ എത്രയെണ്ണം അടച്ചുപൂട്ടിയിട്ടുണ്ടെന്നും വിശദമാക്കാമോ; | (എ) | സംസ്ഥാനത്ത് നിലവിൽ 88 സപ്ലൈകോ മെഡിക്കൽ സ്റ്റോറുകൾ പ്രവർത്തിക്കുന്നുണ്ട്. സ്ഥിരമായി നഷ്ടം വരുത്തിയത് മൂലവും, സാമ്പത്തികമായി ഗുണകരമല്ലാത്തതിനാലും 2021ന് ശേഷം 3 മെഡിക്കൽ സ്റ്റോറുകളാണ് പ്രവർത്തനം അവസാനിപ്പിച്ചിട്ടുള്ളത്. ആയത് ആലപ്പുഴ ജില്ലയിലെ മാന്നാർ സപ്ലൈകോ മെഡിക്കൽ സ്റ്റോർ, എറണാകുളം ജില്ലയിൽ പ്രവർത്തിച്ചിരുന്ന പള്ളിമുക്ക് മെഡിക്കൽ സ്റ്റോർ, ചൂണ്ടി മെഡിക്കൽ സ്റ്റോർ എന്നിവയാണ്. |
| (ബി) | ഉപഭോക്താവിന് എന്തെല്ലാം ഇളവുകളും ആനുകൂല്യങ്ങളുമാണ് സപ്ലൈകോ മെഡിക്കൽ സ്റ്റോറുകളിൽ നിന്ന് നൽകുന്നതെന്ന് വ്യക്തമാക്കുമോ; | (ബി) | സപ്ലൈകോ മുഖേനയുള്ള മരുന്ന് വിൽപ്പനക്ക് സർക്കാർ സബ്സിഡി ആനുകൂല്യം ലഭ്യമല്ല. എങ്കിലും പൊതുജനങ്ങൾക്ക് പരമാവധി വില ഇളവിൽ മരുന്നുകൾ, മരുന്ന് ഇതര ഉത്പന്നങ്ങൾ ലഭ്യമാക്കുക എന്ന ഉദ്ദേശത്തോടെ സപ്ലൈകോ മെഡിക്കൽ സ്റ്റോറുകൾ മുഖേന എല്ലാ മരുന്നുകൾക്കും പൊതുവിപണി വിലയെ അപേക്ഷിച്ച് 13% മുതൽ 40% വരെ വിലക്കിഴിവിൽ പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്നുണ്ട്. ഇൻസുലിനുകൾക്ക് 20% മുതൽ 24% വരെ വിലക്കിഴിവ് നൽകുന്നുണ്ട്. കൂടാതെ, മുൻഗണനാ വിഭാഗം (PHH & AAY) റേഷൻ കാർഡ് ഉടമകൾക്ക് (പ്രതിമാസം പരമാവധി 1000 രൂപ എന്ന പരിധിയിൽ) 25% കിഴിവ് സപ്ലൈകോ മെഡിക്കൽ സ്റ്റോറുകൾ മുഖേന ലഭ്യമാക്കുന്നുമുണ്ട്.<br><br>ഇത് കൂടാതെ, കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്ന RSBY(Rashtriya Swasthya Bima Yojana), JSSK(Janani Shishu Suraksha Karyakram), PMJAY (Pradhan Mantri Jan Arogya Yojana), RBSK (Rashtriya Bal Swasthya Karyakram), Karunya Arogya Suraksha Padhathi (KASP), Comprehensive Health Insurance Scheme (CHIS) മുതലായ |

| | | | |
|---|---|---|---|
| | | | പദ്ധതികൾ പ്രകാരവും ടി പദ്ധതികളുടെ വ്യവസ്ഥകൾക്ക് വിധേയമായി കുറഞ്ഞ നിരക്കിൽ മരുന്നുകൾ നൽകി വരുന്നുണ്ട്. |
| (സി) | ഈ സർക്കാരിന്റെ കാലത്ത് സപ്ലൈകോ മെഡിക്കൽ സ്റ്റോർ മുഖേന എത്ര തുകയുടെ സബ്സിഡി ആനുകൂല്യങ്ങൾ പൊതുജനങ്ങൾക്ക് നൽകിയിട്ടുണ്ടെന്ന് വിശദമാക്കാമോ? | (സി) | (ബി) പിരിവിൽ കാണാവുന്നതാണ്. |

സെക്ഷൻ ഓഫീസർ